# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4853 05.02.2014-ൽ മറുപടിയ്ക്ക്

കോഴികളെ വളർത്തുന്നതിന് കർഷകർക്ക് നൽകുന്ന സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) അന്യസംസ്ഥാന ലോബികളുടെ പ്രവർത്തനം കാരണം കോഴി ഇറച്ചിക്ക് വിപണിയിൽ വിലവർദ്ധനവുണ്ടാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഇറച്ചിക്കും, മുട്ടയ്ക്കും കോഴികളെ വളർത്തുന്നതിന് കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ; | ബി) സംസ്ഥാനത്ത് മുട്ടയുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കോഴി ഫാമുകളിൽ ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴികുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് അംഗീകൃത രജിസ്ട്രേഡ് എഗ്ഗർ നഴ്സറികൾ വഴി 46-60 ദിവസം വളർത്തി സർക്കാർ നിശ്ചയിച്ച വിലയ്ക്ക് വിവിധ സർക്കാർ പദ്ധതികൾക്കും, കർഷകർക്കും വിതരണം ചെയ്തുവരുന്നു. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ ഒരു പുതിയ ഹാച്ചറിയും ബ്രീഡർ ഫാമും ആരംഭിക്കാനും പദ്ധതിയുണ്ട്. 2013-14 വർഷം മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന **റൂറൽ ബാക്ക്യാർഡ് പൗൾട്രി പദ്ധതി സ്കൂളുകൾ വഴി** എന്ന പദ്ധതിയ്ക്കായി 400 ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ഒരു |

വിദ്യാർത്ഥിയ്ക്ക് 5 കോഴി, തീറ്റ, മരുന്ന്, സ്റ്റേഷനറി എന്നിവയുടെ ചെലവിനായി 600/- രൂപ സർക്കാർ സഹായമായി മൊത്തം 66500 വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നു. ഏകദേശം 4.98 കോടി മുട്ടയാണ് ഈ പദ്ധതിമൂലം അധികമായി ഉൽപാദിപ്പിക്കാനായി ലക്ഷ്യമിട്ടിട്ടുള്ളത്.

കൂടാതെ താഴെ പറയുന്ന പദ്ധതികൾ കോഴി കർഷകരുടെ സഹായത്തിനായി കെ.എസ്.പി.ഡി.സി. വഴി നടപ്പിലാക്കിവരുന്നു.

എ. ഇന്റഗ്രേഷൻ ബ്രോയിലർ

ബി. ഇന്റഗ്രേഷൻ ലെയർ

സി. സംരംഭകർക്ക സാങ്കേതിക സഹായം (പരിശീലനം, പ്രോജക്ട് തയ്യാറാക്കൽ)

ഡി. കുറഞ്ഞനിരക്കിൽ ഗുണനിലവാരമുള്ള കോഴിത്തീറ്റ-

സി) ഫാമുകൾക്ക് ആവശ്യമായ കോഴികുഞ്ഞുങ്ങളെ അവിടെ തന്നെ ഉല്പാദിപ്പിക്കുവാനും, കോഴിതീറ്റകൾക്ക് സബ്സിഡി നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

സി) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 9 കോഴിഫാമുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി ഒരു ദിവസം പ്രായമായ മുട്ടക്കോഴികുഞ്ഞുങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കാനായി 2013-14 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിപ്രകാരം 250 ലക്ഷം രൂപ വകയിരുത്തി ഉപകരണങ്ങളും മറ്റും വാങ്ങാനായി നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ഫാമുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2013-14-ൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ഫാമുകൾക്ക്

ആവശ്യമായ കോഴികുഞ്ഞുങ്ങളെ നിലവിൽ മാള, കൊട്ടിയം ഫാമുകളിൽതന്നെ മാതൃപിതൃ ശേഖരത്തെ വളർത്തി ഉൽപാദിപ്പിക്കുന്നു. കൂടാതെ കുരിയോട്ടുമല, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ ആരംഭിയ്ക്കുന്ന ബ്രീഡർ ഫാമുകളിലൂടെ കൂടുതൽ കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാൻ കഴിയും. കെ.എസ്.പി.ഡി.സി.യുടെ ഇന്റഗ്രേഷൻ ഫാമിംഗിനു പ്രതിമാസം വേണ്ട ഒരു ലക്ഷത്തോളം ഇറച്ചിക്കോഴികുഞ്ഞുങ്ങളെ കുടപ്പന ക്കുന്ന് ഫാമിൽ നിന്ന് നിലവിൽ ഉൽപാദിപ്പിക്കുന്നു ണ്ട്.

കുറഞ്ഞനിരക്കിൽ ഉണനിലവാരമുള്ള കോഴിത്തീറ്റ കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ